പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **3450** **29. 01. 2014** - ലെ മറുപടി

<u>സാന്ത്വന പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. പി.സി. വിഷ്ണുനാഥ്</u><br><u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u><br><u>ശ്രീ. ജോസഫ് വാഴക്കൻ</u><br><u>ശ്രീ. ഹൈബി ഈഡൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) സാന്ത്വന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;<br><br>ബി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി മുഖേന പ്രവാസികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ & ബി) കുറഞ്ഞത് 2 വർഷത്തെ വിദേശ പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയതും കേരളത്തിനു പുറത്ത് (ഭാരതത്തിനകത്ത്) താമസിക്കുന്നതുമായ ദുരിതമനുഭവിക്കുന്ന കേരളീയർക്ക് ദുരിതാശ്വാസ ധനസഹായം ലഭ്യമാക്കുക എന്നതാണ് നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ 'സാന്ത്വന'യുടെ അടിസ്ഥാന ലക്ഷ്യം. വാർഷിക വരുമാനം 1,00,000/- രൂപയ്ക്ക് താഴെയുള്ള പ്രവാസികളെയാണ് സാന്ത്വന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ ഒരു ഒരു പ്രവാസി കേരളീയൻ മരണപ്പെട്ടാൽ ടിയാന്റെ കുടുംബത്തിന് നിബന്ധനകൾക്ക് വിധേയമായി മരണാനന്തരസഹായമായി 1,00,000/- രൂപ വരെയും പ്രവാസി കേരളീയരുടെയോ അടുത്ത കുടുംബാംഗങ്ങളുടെയോ ചികിത്സക്ക് ഹൃദയ-വൃക്ക, തലച്ചോർ, കാൻസർ സംബന്ധമായ രോഗങ്ങൾക്ക് പരമാവധി 50,000/- രൂപ വരെയും മറ്റുള്ളവയ്ക്ക് പരമാവധി 20,000/- രൂപ വരെയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് പരമാവധി 15,000/- രൂപ വരെയും പ്രവാസിയുടെ/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപ വരെയും നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ഒറ്റത്തവണ മാത്രം ധനസഹായം നൽകി വരുന്നുണ്ട്. |

| | |
|---|---|
| സി) ഈ സർക്കാരിന്റെ കാലത്ത് ധനസഹായങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശമാക്കുമോ; | സി) മരണാനന്തര ധനസഹായം 10,000 രൂപയിൽ നിന്ന് 1,00,000 രൂപയായും ചികിത്സാസഹായം 10,000 രൂപയിൽ നിന്നും മാരകരോഗങ്ങൾക്ക് 50,000 രൂപയായും മറ്റ് രോഗങ്ങൾക്ക് 20,000 രൂപയായും വിവാഹധനസഹായം 7,500 രൂപയിൽ നിന്നും 15,000 രൂപയായും വീൽച്ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം 5,000 രൂപയിൽ നിന്ന് 10,000 രൂപയായും ഈ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചു. |
| ഡി) എന്ന് മുതലാണ് ധനസഹായങ്ങൾക്ക് പ്രാബല്യമുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | ഡി) 01.06.2013 – ന് ശേഷം ലഭിക്കുന്ന അപേക്ഷകൾക്കാണ് പുതുക്കിയ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ